**മഹാത്മാഗാന്ധി സർവ്വകലാശാല**

(സംഗ്രഹം)

റിസേർച്ച് ജേർണൽ - യു.ജി.സി.യുടെ പ്രാമാണിക ജേർണലുകളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ട പുതിയ ജേർണലുകൾ അംഗീകരിക്കുന്നതിനും യു.ജി.സിക്ക് ശുപാർശ ചെയ്യുന്നതിനും ഒരു സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ6 വിഭാഗം**

സ.ഉ.നം.5876/എ6/1/RJ/17623/2017/അക്കാദമിക് പ്രിയദർശിനി ഹിൽസ്, 04/10/2017

---

പരാമർശം. 1) യു.ജി.സി. സെക്രട്ടറിയുടെ 11/04/2017ലെ D.O.No.F.1-2/2016(PS/III Amendment) എന്ന നമ്പർ കത്ത്

2) 13/07/2017-ൽ കൂടിയ അക്കദമിക്. കൗൺസിലിൻെറ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ് ഇനം നമ്പർ. 02 എന്ന തീരുമാനം.

**<u>ഉത്തരവ്</u>**

2016-ലെ 'Minimum Standards Regulations' പ്രകാരം പ്രാമാണിക ജേർണലുകളുടെ ഒരു പട്ടിക യു.ജി.സി. പ്രസിദ്ധീകരിക്കുകയും അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീമിനും(CAS), അധ്യാപക നിയമനത്തിനും മറ്റ് അക്കാദമിക കാര്യങ്ങൾക്കും ഈ പട്ടികയിൽ നിന്നുള്ള ജേർണലുകളാണ് പരിഗണിക്കേണ്ടതെന്ന് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. പരാമർശം (1)ലെ കത്ത് പ്രകാരം പ്രസ്തുത പട്ടികയിൽ ഉൾപ്പെടാതെ പോയ 'Peer reviewed' ജേർണലുകൾ ഏതെങ്കിലും പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ സർവ്വകലാശാലകൾക്ക് അവ ശുപാർശ ചെയ്യാമെന്ന് യു.ജി.സി. അറിയിക്കുകയും ചെയ്തിരിക്കുന്നു.

13/07/2017ൽ കൂടിയ അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻഡിങ് കമ്മിറ്റി യോഗം പരാമർശം (2) പ്രകാരം വിഷയം പരിഗണിക്കുകയും യു.ജി.സി.യുടെ പ്രാമാണിക ജേർണലുകളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ട പുതിയ ജേർണലുകൾ അംഗീകരിക്കുന്നതിനും .യു.ജി.സി.യുടെ സൈറ്റിലേയ്ക്ക് അപ്ലോഡ് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നതിനും ഡീന്മാരായ ഡോ. എ. എം. തോമസ് കൺവീനറായും, ഡോ. എം.എസ്. ലത, ഡോ. പി.എസ്. സുകുമാരൻ, ഡോ. പി.എസ്. രാധാകൃഷ്ണൻ എന്നിവർ അംഗങ്ങളായുള്ള ഒരു സമിതിയെ ചുമതലപ്പെടുത്തുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.

അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ഈ ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**ശ്രീരാജ് ആർ.**
**അസിസ്റ്റന്റ് രജിസ്ട്രാർ II(അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി.**

പകർപ്പ്.

1. ഡോ. എ. എം. തോമസ്, ഡീൻ, ഫാക്കൾട്ടി ഓഫ് സോഷ്യൽ സയൻസസ്.
2. ഡോ. എം. എസ്. ലത, ഡീൻ, ഫാക്കൾട്ടി ഓഫ് സയൻസ്.
3. ഡോ. പി, എസ്. സുകുമാരൻ, ഡീൻ, ഫാക്കൾട്ടി ഓഫ് ബിഹേവിയറൽ സയൻസസ്.
4. ഡോ. പി. എസ്. രാധാകൃഷ്ണൻ , ഡീൻ, ഫാക്കൾട്ടി ഓഫ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ
5. സർവ്വകലാശാലാപഠനവകുപ്പ്തലവന്മാർ/അഫിലിയേറ്റഡ്കോളേജ്പ്രിൻസിപ്പൽമാർ/ഗവേഷണ കേന്ദ്രം തലവന്മാർ
6. വൈസ് ചാൻസിലർ, പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
7. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
8. എസി.എ1/എസി.എ2/10/11/12/ഇ.ബി.10 സെക്ഷനുകൾ
9. പി.ആർ.ഒ/ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
10. എ.സി.സി സെക്ഷൻ I&II
11. റെക്കോർഡ് സെക്ഷൻ
12. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ6/1/RJ/17623/2017